**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **13-09-2023 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ആക്രമണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** |
| (എ) | തെരുവ് നായയുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന സഹായം എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | തെരുവുനായ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി എത്രപേർക്ക് ഈയിനത്തിൽ സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| ക്രമ നം. | ഉത്തരവ് | അനുവദിച്ച നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | G.O (Rt) No. 1546/2017/LSGD തീയതി : 11.05.2017 | 33,37,743/- |
| 2 | G.O (Rt) No. 3551/2017/LSGD തീയതി : 03.11.2017 | 60,34,255/- |
| 3 | G.O (Rt) No. 2093/2018/LSGD തീയതി : 28.07.2018 | 96,54,796/- |
| 4 | G.O (Rt) No. 2919/2018/LSGD തീയതി : 14.11.2018 | 11,78,788/- |
| 5 | G.O (Rt) No. 1621/2019/LSGD തീയതി : 24.07.2019 | 38,55,598/- |
| 6 | G.O (Rt) No. 503/2020/LSGD തീയതി : 28.02.2020 | 93,74,991/- |

| | | | | |
|---|---|---|---|---|
| | | | | |

| | | |
|---|---|---|
| 7 | G.O (Rt) No. 1667/2021/LSGD തീയതി : 02.09.2021 | 93,72,848/- |
| 8 | G.O (Rt) No. 453/2022/LSGD തീയതി : 24.02.2022 | 85,72,079/- |
| 9 | G.O (Rt) No. 203/2023/LSGD തീയതി : 24.01.2023 | 87,51,458/- |
| 10 | G.O (Rt) No. 746/2023/LSGD തീയതി : 29.03.2023 | 87,47,857/- |
| | ആകെ | 6,88,80,413/- |

മേൽ ഉത്തരവുകൾ പ്രകാരം ആക്രമണത്തിനിരയായ 897 പേർക്കാണ് നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഓരോരുത്തരും ക്ലെയിം ചെയ്ത തീയതി മുതൽ തുക വിതരണം ചെയ്യുന്ന തീയതി വരെയുള്ള കാലയളവിനനുസൃതമായി 9% വാർഷിക പലിശയുൾപ്പെടെയുള്ള തുകയാണ് നൽകുന്നത്.

സെക്ഷൻ ഓഫീസർ